തൊടിയൂർ ഗ്രാമ പഞ്ചായത്താഫീസ്
AN ISO 9001:2015 CERTIFIED PANCHAYAT
തൊടിയൂർ(പി.ഒ), പിൻ: 690 523
ഫോൺ നമ്പർ : 04762-660276, ഇമെയിൽ thodiyoorgp@gmail.com


35668852-2026 01.07.2026

തൊടിയൂർ ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂൾ ആവശ്യത്തിലേക്കായി കിലോമീറ്റർ നിരക്കിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള 8 മുതൽ 12 വരെ സീറ്റിംഗ് കപ്പാസിറ്റിയുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 15/07/2026 വൈകുന്നേരം 3.00 മണിവരെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 4 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ക്വട്ടേഷനുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ അസിസ്റ്റൻറ് സെക്രട്ടറി, തൊടിയൂർ ഗ്രാമപഞ്ചായത്ത്, തൊടിയൂർ ,690523 കൊല്ലം എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

നിബന്ധനകൾ

1.2014 ന് ശേഷമുള്ള വാഹനമായിരിക്കണം.

2.ഭിന്നശേഷി സൗഹൃദ വാഹനം (വിദ്യാർത്ഥികൾക്ക് വാഹനത്തിൽ പ്രവേശിക്കുന്നതിന് ഉയരം കുറഞ്ഞ പടിക്കെട്ട്, പിടിച്ച് കേറുന്നതിനുള്ള സൗകര്യം) ലഭ്യമാക്കണം.

3.പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള വാടക രേഖപ്പെടുത്തേണ്ടതാണ്.
4.വാഹനത്തിന് കിലോമീറ്റർ നിരക്കിലുള്ള തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്.

5.വാഹനത്തിൻറെ ഇനം, സീറ്റിംഗ് കപ്പാസിറ്റി, കിലോമീറ്ററിന് ഈടാക്കുന്ന നിരക്ക് എന്നിവ പ്രത്യേകമായി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

6.ക്വട്ടേഷൻ താത്കാലികമായി അംഗീകരിച്ചാൽ കരാറുകാരന് സ്വന്തം ചെലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്യേണ്ടതാണ്.

7.ഇന്ധന ചെലവ്, വാഹനത്തിൻറെ മെയിൻറനൻസ്, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിൻറെ ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.

8.വാഹനം, ടാക്സി പെർമിറ്റ്, ഡ്രൈവറുടെ ലൈസൻസ് ഉൾപ്പടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിൻറെ പകർപ്പ് ക്വട്ടേഷനിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

9.ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ വാഹന ഉടമയുമായുള്ള കരാർ 7 ദിവസ നോട്ടീസ് നൽകി റദ്ദു ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

10.വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതും കാലപ്പഴക്കം 7 വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം.

11.കരാറുകാരൻ ഇൻകം ടാക്സ് ഡിപ്പാർട്ട്മെൻറിൽ നിന്നുള്ള PAN ഉണ്ടായിരിക്കണം.

12.ക്വട്ടേഷൻ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

13.എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം വാഹനം നൽകാന് കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരന് തന്നെ ഏർപ്പെടുത്തേണ്ടതാണ്.

14.അവധി ദിനങ്ങൾ ഉൾപ്പടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

15.ബഡ്സ് സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരിച്ച് വീട്ടിൽ എത്തിക്കുന്നതിനും സമയക്ലിപ്തത പാലിക്കേണ്ടതാണ്.

16.കരാർ സമയത്ത് അംഗീകരിക്കുന്ന റേറ്റിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില പരിഗണിക്കുന്നതല്ല.

17.യാത്ര സംബന്ധിച്ച വിവരങ്ങൾ യഥാവിധി യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.

18.സ്കൂൾ വാഹനങ്ങളെ സംബന്ധിച്ച് ബഹു സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും കരാറുകാരൻ പാലിക്കേണ്ടതാണ്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തന ദിവസങ്ങളിൽ സെക്രട്ടറി തൊടിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് അറിയാവുന്നതാണ്.

വിശ്വസ്തതയോടെ

THODIYOOR GRAMA PANCHAYAT ★ SECRETARY THE THODIYOOR GRAMA PANCHAYAT

RAJENDRAN C
Pen 579676
Secretary Thodiyoor Grama Panchayat
Thodiyoor P. O,
Ph. 9496041715